# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ജാതകം വായിച്ചുകൊണ്ടിരിക്കാതെ ക്രിസ്തുവിലേക്ക് നോക്കുക



വത്തിക്കാൻ: സ്വന്തം ജാതകം വായിച്ചുനോക്കാനുള്ള പ്രവണതയുണ്ടാകുമ്പോൾ പകരം ക്രിസ്തുവിലേക്ക് നോക്കുക എന്ന് മാർപാപ്പ. കാരണം കർത്താവിന് നമ്മെ ഭാവി പ്രവചനക്കാരെക്കാൾ നന്നായി നമ്മെ സംരക്ഷിക്കാൻ കഴിയും. സെന്റ് പീ റ്റേഴ്സ് സ്ക്വയറിൽ യാമപ്രാർത്ഥനയ്ക്കിടയിൽ സന്ദേശം നല്കുകയായിരുന്നു അദ്ദേഹം.
ഈ ലോകമാകുന്ന തീർത്ഥാടനത്തിൽ ക്രിസ്തുവാണ് നമ്മുടെ ഏകലക്ഷ്യം. എന്നാൽ അനുദിനജീവിതത്തിലും അവിടുന്ന് സാന്നിധ്യമായി നമ്മുടെ കൂടെയുണ്ട്. അവിടുന്ന് നമ്മുടെ കൂടെയുണ്ട്...നമ്മുടെ ഒപ്പം നടക്കുന്നു. നമ്മെ അവിടുന്ന് അധികമായി സ്നേഹിക്കുന്നു. എല്ലാം കടന്നുപോകും. അവിടുത്തെ വചനം മാത്രം നില നില്ക്കും. അവിടുത്തെ നോക്കുക...അവിടുന്ന് നമ്മുടെ ഹൃദയങ്ങളെ പരിവർത്തനപ്പെടുത്തും. മാർപാപ്പ ഓർമ്മിപ്പിച്ചു.